## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2996 — 13.03.2018 ലെ മറുപടിക്ക്

**കെട്ടിടം പണിയുള്ള പെർമിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.റ്റി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വിവിധ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും, മറ്റുമുള്ള ഹൈവേകളോട് ചേർന്നുള്ള 10 സെന്റിൽ കൂടുതലുള്ള, നല്ല കരഭൂമിയായി കിടക്കുന്ന സ്ഥലങ്ങൾ വില്ലേജുകളിലെ റിക്കാർഡിൽ (ബി.ടി.ആർ.-ൽ) നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമൂലം പ്രസ്തുത സ്ഥലത്ത് കൊമേർഷ്യൽ/വാസഗൃഹങ്ങൾ പണിയുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കുമോ; | (എ) ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെ.എൽ.യു. ഉത്തരവ് 1967, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം എന്നിവയുടെ കൂടി അടിസ്ഥാനത്തിൽ മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നിർമ്മാണാനുമതി നല്കാൻ സാധിക്കു. |
| (ബി) ഓരോ സ്ഥലങ്ങളിലും അവിടുത്തെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുടെ ഉത്തരവു പ്രകാരം/നിയമപ്രകാരം ആണോ കെട്ടിടം പണിയ്ക്ക് പെർമിറ്റ് നൽകുന്നതെന്ന് വിശദമാക്കുമോ; | (ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ നഗര പ്രദേശങ്ങൾക്കും (മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) ഒന്നാണ് (കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999) |
| (സി) ഇങ്ങനെ വഴിയോരങ്ങളിൽ കെട്ടിട സമുച്ചയങ്ങൾ ഉണ്ടാകുന്നത് സംസ്ഥാന വികസനത്തിന് ഗുണകരമാണോ; എങ്കിൽ ഇതിലേയ്ക്കായി ഇളവുകൾ പരിഗണിയ്ക്കാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് ആവശ്യമായ അനുകൂല ഉത്തരവ് നൽകുമോ; വിശദമാക്കുമോ? | (സി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**